# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 557 | 05.06.2018 - ൽ മറുപടിയ്ക്ക്

## അമിത വില ഈടാക്കുന്നത് തടയാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം അമിത വില ഈടാക്കിയതിനോ നികുതി കുറഞ്ഞിട്ടും വിലകുറയ്ക്കാതിരുന്നതിനോ ഏതെങ്കിലും സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ആന്റി പ്രോഫിറ്റീയറിംഗ് നിയമപ്രകാരം കൃത്യമായ തെളിവുകളോടുകൂടിയ പരാതികളൊന്നുംതന്നെ പൊതുജനങ്ങളിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്നിരുന്നാലും ജി എസ് ടി യിലൂടെ ലഭിക്കുന്ന നികുതി കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താകൾക്ക് കൈമാറുന്നുണ്ടോ എന്ന വിവരം സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റു ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി ക്കു മുമ്പും ജി.എസ്.ടി വന്നതിനുശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചുവരുന്ന 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി ഇതിന്മേൽ |
| (ബി) | ഇതുസംബന്ധിച്ച പരാതികൾ കേന്ദ്ര അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ പരാതി നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ബില്ലുൾപ്പെടെയുള്ള വിശദമായ തെളിവുകൾ ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതാണ്.<br><br>2[illegible]-ാമത് ജി.എസ്.ടി കൗൺസിലിലെ തീരുമാനപ്രകാരം കൂടുതൽ ചരക്കുകളുടെ നികുതിനിരക്കിൽ 15.11.2017 മുതൽ കുറവ് വന്നിട്ടുണ്ടായിരുന്നു. ആന്റി പ്രോഫിറ്റീയറിംഗ് പരിശോധനയുടെ രണ്ടാം ഘട്ടമായി സംസ്ഥാനചരക്കുസേവനനികുതി വകുപ്പ് 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് 2018 ജനുവരിയിൽ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും ചില്ലറവ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ